**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 727** **11-06-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ സ്ഥാപനങ്ങളിലും പൊതു വിദ്യാലയങ്ങളിലും സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ സർക്കാർ സ്ഥാപനങ്ങളിലും പൊതു വിദ്യാലയങ്ങളിലും സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | 'കാർബൺ ന്യൂട്രൽ കാട്ടാക്കട' പദ്ധതി പ്രകാരം 455 KWp ആണ് കാട്ടാക്കട മണ്ഡലത്തിലെ സർക്കാർ സ്ഥാപനങ്ങളിലും പൊതു വിദ്യാലയങ്ങളിലും സോളാർ പാനൽ സ്ഥാപിക്കാനുള്ള പദ്ധതി. ഈ പദ്ധതിയിൽ 327 KWp സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ ഇതുവരെ സ്ഥാപിച്ചു. ബാക്കി 128 KWp-യുടെ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. കേരള ഗവൺമെന്റിൽ നിന്നും 3 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു. ഇതിൽ 60 ലക്ഷം രൂപ ഇതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട് . |
| (ബി) | അനുമതി ലഭ്യമായവ പൂർത്തിയാക്കപ്പെട്ടിട്ടുണ്ടോ; ബാക്കിയുള്ളതിന്റെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | അനുമതി ലഭ്യമായവയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന 327 KWp പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 128 KWp സൗരോർജ്ജ നിലയത്തിന്റെ പ്രവൃത്തി 31.07.2024 കൊണ്ട് പൂർത്തീകരിക്കും. അനെർട്ട് മുഖേന 18 വീടുകളിലായി 54 kW ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു. മലയിൻകീഴ് ഗവ. എം. എം. എസ്. ആർട്സ് & സയൻസ് കോളേജിൽ 60 kW സൗരോർജ്ജ പ്ലാന്റിന്റെ പ്രതിഷ്ഠാപനം പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ